**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1727** **04.10.2016-ൽ മറുപടിയ്ക്ക്**

**ചെങ്ങന്നൂർ താലൂക്കിലെ വോൾട്ടേജ് ക്ഷാമം**

| ചോദ്യം<br>**ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ :** | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) ചെങ്ങന്നൂർ താലൂക്കിലെ വിവിധ പ്രദേശങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നിലവിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ചെങ്ങന്നൂർ കല്ലിശ്ശേരിയിൽ 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിവേദനമോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോ | (ബി) ചെങ്ങന്നൂരിലെ കല്ലിശ്ശേരിക്കടുത്തുള്ള തിരുവൻവണ്ടൂരിൽ സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനു വേണ്ടി നിവേദനം ലഭിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സബ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ഭരണാനുമതി നല്കിയിട്ടുണ്ടോ; | (സി) & (ഡി) ഇല്ല. സാങ്കേതിക പഠന പ്രകാരം 2020-21 കാലയളവിലേയ്ക്കാണ് സബ് സ്റ്റേഷന്റെ ആവശ്യകത കണ്ടെത്തിയിട്ടുള്ളത്. മറ്റ് തടസ്സങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) പ്രസ്തുത സബ് സ്റ്റേഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; വിശദമാക്കുമോ ? | |

Hemalatha

**സെക്ഷൻ ഓഫീസർ**